## 22-6-17 തീയതിയിൽ വികാസ് ഭവനിൽ വച്ച് ജില്ലാതല പ്രോഗ്രാം ഓഫീസർമാരെ ഉൾപ്പെടുത്തി നടന്ന വീഡിയോ കോൺഫറൻസിന്റെ നടപടിക്കുറിപ്പുകൾ

**പങ്കെടുത്തവർ**

1. ശ്രീമതി. അനുപമ.T.V IAS, ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്.
2. ശ്രീ.V.S.വേണു, സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, ICDS.
3. ശ്രീമതി. ചിത്രലേഖ.S, സ്റ്റേറ്റ് പ്രോഗ്രാം ഓഫീസർ-2.
4. ശ്രീമതി.ഡോ. പ്രേംമ്ന മനോജ് ശങ്കർ, സ്റ്റേറ്റ് പ്രോഗ്രാം ഓഫീസർ-1.

വീഡിയോ കോൺഫറൻസ് സാമൂഹ്യനീതി ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ ഉച്ചയ്ക്ക് 2 മണിയ്ക്ക് ആരംഭിച്ചു. അജണ്ടയിലെ പ്രധാന ഇനമായ മെറ്റേർണിറ്റി ബെനഫിറ്റ് പ്രോഗ്രാം എന്ന പദ്ധതിയുടെ പ്രാധാന്യം സംബന്ധിച്ചും 1-1-2017 മുതൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലുമായി പ്രസ്തുത പദ്ധതി വ്യാപിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ജില്ലാതലത്തിൽ സ്വീകരിക്കേണ്ട നടപടികളെ സംബന്ധിച്ചും ആമുഖമായി പറഞ്ഞ് ഡയറക്ടർ വീഡിയോ കോൺഫറൻസ് ആരംഭിച്ചു. പ്രസ്തുത വീഡിയോ കോൺഫറൻസിൽ എല്ലാ ജില്ലാ പ്രോഗ്രാം ഓഫീസർമാരും സീനിയർ സൂപ്രണ്ടുമാരും സന്നിഹിതരായിരുന്നു.

<u>അജണ്ട പ്രകാരമുള്ള വിഷയങ്ങൾ അവലോകനം നടത്തി ചുവടെ ചേർക്കുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു.</u>

1. മെറ്റേണിറ്റി ബെനഫിറ്റ് പ്രോഗ്രാം നടപ്പിലാക്കുന്നതിന്റെ ഭാഗമായി എല്ലാ ഗർഭിണികളെയും അങ്കണവാടിയിൽ രജിസ്റ്റർ ചെയ്യുന്ന പ്രവർത്തനങ്ങൾ വ്യാപകമാക്കുന്നതിനും, ജില്ലാതല അവലോകന യോഗങ്ങളിൽ ടി വിഷയം ചർച്ചയ്ക്ക് വിധേയമാക്കി ശിശു വികസന പദ്ധതി ഓഫീസർമാർക്കും, സൂപ്പർവൈസർമാർക്കും ആവശ്യമായ നിർദ്ദേശം നൽകുന്നതിനും ഡയറക്ടർ പ്രോഗ്രാം ഓഫീസർമാർക്ക് നിർദ്ദേശം നൽകി.

   (നടപടി: എല്ലാ പ്രോഗ്രാം ഓഫീസർ മാർക്കും)

2. പുതുക്കിയ MISമായി ബന്ധപ്പെട്ടുള്ള രജിസ്റ്റർ നമ്പർ 5-ലെ (ഗർഭാവസ്ഥയും പ്രസവവും) ഫോറം F5-ൽ ഗർഭിണിയുടെ പേര്, ഫോൺ



PDF processed with CutePDF evaluation edition www.CutePDF.com

നമ്പർ എന്നിവ രേഖപ്പെടുത്തുന്ന കോളങ്ങളിൽ ബാങ്ക് അക്കൗണ്ട് നമ്പർ,പങ്കാളിയുടെ പേര്, ആധാർ നമ്പർ, മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ട താണോ എന്ന വിവരങ്ങളും കൂടി രേഖപ്പെടുത്തി വാങ്ങുന്നതി നുള്ള നടപടി സ്വീകരിക്കുവാൻ നിർദ്ദേശിച്ചു.

(നടപടി: എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും)

3. മെറ്റേണിറ്റി ബെനഫിറ്റ് പ്രോഗ്രാമുമായി ബന്ധപ്പെട്ട ആനുകൂല്യങ്ങൾക്കായുള്ള ഗുണഭോക്താക്കളുടെ വിവര ശേഖരണത്തിനായുള്ള നിശ്ചിത ഫോറം ജില്ലകളിലേയ്ക്ക് നൽകുന്നതിന് തീരുമാനിച്ചു. വിവരങ്ങൾ ടി ഫോറങ്ങളിൽ സൂപ്പർവൈസർതലത്തിൽ ക്രോഡീകരിച്ച് CDPOമാർക്ക് നൽകേണ്ടതാണ്. ( നടപടി: ICDS/A2);
4. MBP പദ്ധതിയ്ക്കായി ഗുണഭോക്താക്കളുടെ വിവരശേഖരണം നടത്തുമ്പോൾ ഭക്ഷ്യ സുരക്ഷ പദ്ധതിയിലെ മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളതാണോ എന്നത് ടി ഫോറത്തിൽ വ്യക്തമായി രേഖപ്പെടത്തണം.

(നടപടി : എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും)

5. 'സബല സ്കീം' റിവ്യൂ പ്രതിമാസത്തിൽ നടത്തി റിപ്പോർട്ട് അതേ മാസം 10-നകം ലഭ്യമാക്കുന്നതിനും ജൂൺ മാസം 30-ന് അവസാനിക്കുന്ന QPR ജൂലൈ 10-നകം ലഭ്യമാക്കുന്നതിനും നിർദ്ദേശിച്ചു.

(നടപടി: കൊല്ലം, ഇടുക്കി,മലപ്പുറം,പാലക്കാട് ജില്ലാ പ്രോഗ്രാം ഓഫീസർ മാർക്ക്).

6. ന്യൂട്രിമിക്സിനായി കുടുംബശ്രീ യൂണിറ്റുകൾക്ക് നൽകുന്ന ഗോതമ്പിന്റെ അളവ് സംബന്ധിച്ച റിപ്പോർട്ട് യഥാസമയം ലഭ്യമാക്കുന്നതിനുള്ള നിലവിലെ നിർദ്ദേശം പാലിക്കപ്പെടുന്നില്ല. ആയത് 22-12-16-ലെ ICDS/B3-37000/16 നമ്പർ പരിപത്രത്തിലെ നിർദ്ദേശാനുസരണം കൃത്യമായും ലഭ്യമാക്കുന്നതിന് നിർദ്ദേശിച്ചു.

(നടപടി: എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും)

7. ന്യൂട്രിമിക്സിന്റെ സ്വീകാര്യത വർദ്ധിപ്പിക്കുന്നതിനായി ന്യൂട്രിമിക്സ് ഉപയോഗിച്ചുള്ള വ്യത്യസ്ത പാചകക്കുറിപ്പുകൾ ലഭ്യമാക്കുന്നതിനായി

ആവശ്യപ്പെട്ടിരുന്നത് പാലക്കാട് ജില്ലയിൽ നിന്നും മാത്രമാണ് ലഭിച്ചിട്ടുള്ളത്. മറ്റ് ജില്ലകൾ അടിയന്തിരമായി റസിപ്പികൾ സമർപ്പിക്കുന്നതിന് പ്രോഗ്രാം ഓഫീസർമാർക്ക് നിർർദ്ദശം നൽകി

[നടപടി:എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും (പാലക്കാട് ഒഴികെ)]

8. SOP പ്രകാരമുള്ള ന്യൂട്രിമിക്സ് യൂണിറ്റ് പരിശോധനനടത്തി റിപ്പോർട്ട് ലഭ്യമാക്കുന്നതിനായുള്ള നിലവിലെ നിർദ്ദേശം പാലിക്കപ്പെടുന്നതായി കാണുന്നില്ല. ജില്ലകളിലെ ന്യൂട്രിമിക്സ് യൂണിറ്റുകൾ SOP അനുസരിച്ചാണോ പ്രവർത്തിക്കുന്നത് എന്ന് പരിശോധിച്ച് റിപ്പോർട്ട് തൻമാസം 31-നകം ലഭ്യമാക്കണം.

(നടപടി:എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും CDPO മാർക്കും)

9. 2017-18 സാമ്പത്തിക വർഷം സ്റ്റേറ്റ് പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി 14.5 ലക്ഷം രൂപ യൂണിറ്റ് കോസ്റ്റിൽ (40% പഞ്ചായത്ത് വിഹിതം) കെട്ടിടം നിർമ്മിക്കുന്നതിനായി ആവശ്യപ്പെട്ടിരുന്ന പ്രൊപ്പോസലുകൾ ജൂലൈ 15-നകം ലഭ്യമാക്കുന്നതിന് നിർദ്ദേശം നൽകി.

(നടപടി : എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും)

10. അങ്കണവാടി കെട്ടിടങ്ങൾ ശിശുസൗഹൃദമാക്കി ആകർഷകമാക്കിമാറ്റുവാൻ പ്ലാനുകൾ ഡിസൈൻ ചെയ്ത് സമർപ്പിക്കുന്നതിന് നിർദ്ദേശിച്ചിരുന്നത് ലഭിച്ചിട്ടില്ല. പ്ലാനുകൾ ഡിസൈനുകൾ ചെയ്യുന്നതിന് CDPO, സൂപ്പർവൈസർ,വർക്കർ, ഹെൽപ്പർ എന്നിവരെ കൂടി ഉൾപ്പെടുത്തി തയ്യാറാക്കി ജൂൺ 30-നകം ലഭ്യമാക്കുന്നതിനായുള്ള നിർദ്ദേശം നൽകി.

(നടപടി : എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും).

11. അങ്കണവാടി കെട്ടിട നിർമ്മാണ പുരോഗതി റിപ്പോർട്ട് ആലപ്പുഴ, പത്തനംതിട്ട, ഇടുക്കി, ജില്ലകളിൽ നിന്നും മാത്രം കൃത്യമായി ലഭ്യമാകുന്നതായി കാണുന്നു. പ്രസ്തുത റിപ്പോർട്ട് മറ്റ് ജില്ലകളിൽ നിന്നും യഥാസമയം ലഭ്യമാക്കേണ്ടതും നിർമ്മാണം പൂർത്തീകരിച്ചതിന്റെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റും സാക്ഷ്യ പത്രവും ബന്ധപ്പെട്ട നിർവ്വഹണ ഏജൻസിയിൽ നിന്നും വാങ്ങി ലഭ്യമാക്കേണ്ട തുമാണ്.

(നടപടി:എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും).

12. അങ്കണവാടി വർക്കർമാർക്ക് പ്രോജക്ട്തല പരിശീലന നൽകുന്നതിനായുളള BRG ഗ്രൂപ്പുകൾ രൂപീകരിക്കുന്നതിലേയ്ക്കായി അംഗങ്ങളെ തെരഞ്ഞെടുത്ത് ലിസ്റ്റ് ജൂൺ 25-നകം ലഭ്യമാക്കണം.

(നടപടി : എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും)

13. WBNP അരി ഏറ്റെടുത്തിന്റെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് യഥാസമയം ലഭ്യമാക്കുന്നതിന് നിർദ്ദേശിച്ചു.

(നടപടി:എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും).

14. ജാതക് ജനനി :- അട്ടപ്പാടി മാനന്തവാടി ബ്ലോക്കുകളിലെ ജാതക് ജനനി സംവിധാനം പ്രതിമാസത്തിൽ റിവ്യൂ ചെയ്ത് റിപ്പോർട്ട് ഡയറക്ടറേറ്റിൽ സമർപ്പിക്കുന്നതിന് നിർദ്ദേശിച്ചു. ജാതക് സംവിധാനത്തിൽ എന്റർ ചെയ്യുന്ന SAM/SUM കുട്ടികൾ ഏത് അങ്കണവാടിയിൽ/പ്രോജക്ടിൽ ഉൾപ്പെടുന്നു എന്ന് കണ്ടെത്തുന്നതിനും ബന്ധപ്പെട്ട സൂപ്പർവൈസർ, വർക്കർ എന്നിവർ നേരിട്ട് സന്ദർശനം നടത്തി ആവശ്യമായ സേവനങ്ങൾ നൽകണമെന്നും ഡയറക്ടർ നിർദ്ദേശിച്ചു. അട്ടപ്പാടിയിലെ ശിശു മരണങ്ങൾ കുറയ്ക്കുന്നതിന് ഗർഭിണികളെ അങ്കണവാടി വർക്കർ/സൂപ്പർവൈസർ സന്ദർശിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകണമെന്നും നിർദ്ദേശിച്ചു.

(നടപടി:പാലക്കാട്,വയനാട് ജില്ലാ പ്രോഗ്രാം ഓഫീസർമാർ)

സാമൂഹ്യനീതി ഡയറക്ടർക്കുവേണ്ടി

എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും.

പകർപ്പ് :

1) ഡയറക്ടറുടെ സി എ.
2) എല്ലാ യൂണിറ്റ് ഓഫീസർമാർക്കും
3) സ്റ്റോക്ക് ഫയൽ/ അധികം കോപ്പി.

Gk/ 30-6-17